പാഠം 12

# ആവർത്തനം പുതിയനിയമത്തിൽ

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: മത്തായി 4:1–11; ആവ. 8:3; അ.പ്ര. 10:34; ഗലാ. 3:1–14; അ.പ്ര. 7:37; എബ്രാ. 10:28–31.**

**മനഃപാഠവാക്യം: "മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല. ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു എന്ന് എഴുതിയിരിക്കുന്നു" (മത്തായി 4:4).**

പഴയനിയമത്തോട് പൂരിതമായതാണ് പുതിയനിയമം. അതായത്, ഒരു ആധികാരിക ഉറവിടമെന്നവിധം, പുതിയനിയമ എഴുത്തുകാർ പഴയനിയമ എഴുത്തുകാരിൽനിന്നും ഉദ്ധരിച്ചിരിക്കുന്നു. യേശുതന്നെ പറഞ്ഞു: "ഇപ്രകാരം എഴുതിയിരിക്കുന്നു" (മത്തായി 4:4). ഇത് അർത്ഥമാക്കുന്നത് "പഴയനിയമത്തിൽ എഴുതിയിരിക്കുന്നു" എന്നാണ്. "തിരുവെഴുത്തുകൾക്കു നിവൃത്തി വരേണ്ടിയിരിക്കുന്നു" എന്നും യേശു പറഞ്ഞു (മർക്കൊസ് 14:49). ഇത് അർത്ഥമാക്കുന്നത് പഴയനിയമത്തെയാണ്. എമ്മാവൂസിലേയ്ക്കുള്ള വഴിയിൽ യേശു രണ്ട് ശിഷ്യന്മാരെ കണ്ടുമുട്ടിയപ്പോൾ, താൻ ആരായിരുന്നു എന്നു കാണിക്കുന്നതിന് ഒരു അത്ഭുതം പ്രവർത്തിക്കുന്നതിനു പകരം "മോശെതുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു" (ലൂക്കൊസ് 24:27).

പഴയനിയമ ഉദ്ധരണികൾ നേരിട്ട് ഉപയോഗിച്ചാലും, അല്ലെങ്കിൽ ഉദാഹരണങ്ങൾ, അല്ലെങ്കിൽ കഥകൾക്കോ, പ്രവചനങ്ങൾക്കോ സൂചനകൾ ഉപയോഗിച്ചാലും താങ്ങിനും അവകാശങ്ങൾ നീതീകരിക്കപ്പെടുന്നതിനുപോലും പുതിയനിയമ എഴുത്തുകാർ പഴയനിയമത്തെ നിരന്തരം ഉപയോഗിച്ചിരുന്നു.

പുസ്തകങ്ങൾക്കിടയിൽ കൂടെക്കൂടെ ഉദ്ധരിച്ചിരുന്നത് അല്ലെങ്കിൽ പരാമർശിച്ചിരുന്നത് ആവർത്തനമായിരുന്നു (സങ്കീർത്തനത്തോടും യെശയ്യാവിനോടുമൊപ്പം). മത്തായി, മർക്കൊസ്, ലൂക്കൊസ്, അപ്പൊസ്തലപ്രവൃത്തികൾ, യോഹന്നാൻ, റോമർ, ഗലാത്യർ, കൊരിന്ത്യർക്കെഴുതിയ ലേഖനങ്ങൾ, എബ്രായർ, ഇടയലേഖനങ്ങൾ, വെളിപ്പാട് എന്നിവയെല്ലാം തിരിഞ്ഞ് ആവർത്തനത്തിലേക്കു പോകുന്നു.

ഈയാഴ്ച അവയിൽ ചില സംഭവങ്ങളെ നാം നോക്കുകയും എന്ത് സത്യം, ഏതൽക്കാല സത്യം നമുക്കു ഗ്രഹിക്കുവാൻ കഴിയുമെന്ന് കാണുകയും ചെയ്യും.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഡിസംബർ 18 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## “ഇപ്രകാരം എഴുതിയിരിക്കുന്നു”

**മത്തായി 4:1–11 വരെ വായിക്കുക. മരുഭൂമിയിൽവച്ചുണ്ടായ സാത്താന്റെ പരീക്ഷകളോട് യേശു എങ്ങനെ പ്രതികരിച്ചു. അവന്റെ പ്രതികരണത്തിൽനിന്നും ഇവിടെ നമുക്കുള്ള പ്രധാനപ്പെട്ട പാഠമെന്താണ്?**

യേശു സാത്താനുമായി വാദിക്കുകയോ, തർക്കിക്കുകയോ ചെയ്തില്ല. വെറുതെ തിരുവെഴുത്തുകൾ ഉദ്ധരിക്കുകമാത്രം ചെയ്തു. കാരണം, തിരുവെഴുത്തുകൾ “ജീവനും ചൈതന്യവുമുള്ളതായി... മൂർച്ചയേറിയതും” ആണ് (എബ്രാ. 4:12). ഓരോ സംഭവത്തിലും താൻ ഉദ്ധരിച്ച വചനം ആവർത്തനത്തിൽനിന്നുമായിരുന്നു. ഉദ്ധരിക്കുവാൻ തക്കവണ്ണം മരുഭൂമിയിൽവച്ച് യിസ്രായേലിനു കൊടുത്ത വചനംതന്നെ യേശു തിരഞ്ഞെടുത്തത് എത്ര രസകരമാണ്.

ഒന്നാമത്തെ പരീക്ഷയിൽ, യേശു ആവർത്തനം 8:3 പരാമർശിച്ചു. മന്ന കൊടുത്തതുൾപ്പെടെ മരുഭൂമിയിൽവച്ച് ദൈവം എങ്ങനെ അവരെ നടത്തിയെന്ന് മോശെ പുരാതന യിസ്രായേലിനോട് ആവർത്തിക്കുകയായിരുന്നു. ദൈവം അവർക്ക് ആത്മീയപാഠങ്ങൾ കൊടുക്കുവാൻ ആഗ്രഹിച്ചതുകൊണ്ട് എല്ലാം ഒരു വിശിഷ്ടമാക്കൽ പ്രക്രിയയുടെ ഭാഗമായിരുന്നു. “മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു” എന്നുള്ളത് ആ പാഠത്തിന്റെ ഭാഗമായിരുന്നു. ദൈവം നിങ്ങളെ ഭൗതിക ഭക്ഷണംകൊണ്ട് തീറ്റിപ്പോറ്റി, എന്നാൽ അവൻ നിങ്ങൾക്ക് ആത്മികപോഷണവും തരുന്നു. രണ്ടാമത്തേതുകൂടാതെ നിങ്ങൾക്ക് ഒന്നാമത്തേതുമാത്രം എടുക്കുവാൻ കഴിയുകയില്ല. ആവർത്തനത്തിന് ഒരു അവസ്ഥാന്തരമെന്ന വിധം യേശു അപ്പത്തിന്റെ സാദൃശ്യം ഉപയോഗിക്കുകയും യേശുവിൽ ഉറപ്പിക്കുവാൻ ശ്രമിച്ച സംശയത്തിന് സാത്താനെ ശാസിക്കുകയും ചെയ്തു.

രണ്ടാമത്തെ പരീക്ഷയിൽ മസ്സയിൽവച്ചുണ്ടായ അവരുടെ മത്സരത്തെ മോശെ ചൂണ്ടിക്കാണിക്കുന്ന ആവ. 6:16 ലേക്കു യേശു പോകുന്നു (പുറ. 17:1–7 കാണുക). ഇങ്ങനെ പറയുന്നു: “നിങ്ങൾ മസ്സയിൽവച്ച് പരീക്ഷിച്ചതുപോലെ നിങ്ങളുടെ ദൈവമായ യഹോവയെ പരീക്ഷിക്കരുത്.” “പരീക്ഷിക്കുക” എന്ന പദത്തിന്റെ അർത്ഥം “ശ്രമിച്ചുനോക്കുക” അഥവാ “പരിശോധിക്കുക” എന്ന് ആകാം. തന്റെ ശക്തിയെയും അവർക്കുവേണ്ടി കരുതുവാനുള്ള മനസ്സൊരുക്കത്തെയും അവരെ അവൻ ആവർത്തിച്ചാവർത്തിച്ച് കാണിച്ചിരുന്നു. എന്നിട്ടും വിഷമത വന്നപ്പോൾ, “യഹോവ ഞങ്ങളുടെ ഇടയിൽ ഉണ്ടോ ഇല്ലയോ” എന്ന് അവർ നിലവിളിച്ചു (പുറ. 17:7). സാത്താനെ ശാസിക്കുന്നതിന് യേശു ആ കഥയിൽ നിന്നുമാണ് വചനമെടുത്തത്.

മൂന്നാമത്തെ പരീക്ഷയിൽ, യേശു വീണ് സാത്താനെ ആരാധിക്കണമെന്ന് അവൻ ഈ സമയത്ത് ആവശ്യപ്പെട്ടു. അവൻ ആരായിരുന്നു എന്നും യഥാർത്ഥത്തിൽ അവന് എന്ത് ആവശ്യമായിരുന്നു എന്നുമുള്ളതിന്റെ തുറന്നതും ഉച്ചത്തിലുമുള്ള എന്തൊരു വെളിപ്പാടാണിത്! വാഗ്വാദത്തിനുപകരം യേശു സാത്താനെ ശാസിക്കുകയും ജനം വീണ് അന്യദേവന്മാരെ ആരാധിക്കുകയാണെങ്കിൽ എന്താണ് സംഭവിക്കുവാൻ പോകുന്നത് എന്ന് അവർക്കു മുന്നറിയിപ്പു കൊടുക്കുകയുമായിരുന്ന ആവർത്തന

ത്തിലെ വചനത്തിലേക്കു മടങ്ങി. “നിന്റെ ദൈവമായ യഹോവയെ ഭയപ്പെട്ട് അവനെ സേവിക്കണം” (ആവ. 6:13). അവനെ മാത്രം എന്നാണ് ഇതർത്ഥമാക്കുന്നത്.

**യേശുവിന്റെ സ്വഭാവത്തെ പൂർണ്ണമായി പ്രതിഫലിപ്പിക്കുന്നതിനും അവനെപ്പോലെ സാത്താന്റെ പരീക്ഷകളെ എതിർക്കുന്നതിനുംവേണ്ടി ഈ പഠനത്തിൽനിന്ന് നമ്മുടെ സ്വന്തജീവിതത്തിൽ കൂടുതൽ ശക്തി പിടിച്ചെടുക്കുന്നതിന് എങ്ങനെ പഠിക്കുവാൻ കഴിയും?**

## മുഖം ഉയർത്തൽ

ആവർത്തനം 10 ൽ മോശെ (വീണ്ടും) യിസ്രായേലിന്റെ ചരിത്രം ആവർത്തിക്കുകയും ഈ ആവർത്തനം ഉപയോഗിച്ചത് തന്റെ ജനത്തെ വിശ്വസ്തതയിലേക്കു നയിക്കുന്നതിനുമായിരുന്നു. ഈ താക്കീതിനു മദ്ധ്യേ മോശെ ഒന്നുകൂടി പറഞ്ഞു.

**ആവ. 10:17-19 വായിക്കുക. ഇവിടെ ജനത്തിനുവേണ്ടിയുള്ള പ്രധാന ദൂതെന്താണ്, എന്തുകൊണ്ട് ഈ ദൂത് ദൈവത്തിന്റെ ഇന്നത്തെ സഭയ്ക്ക് അനുയോജ്യമായിരിക്കുന്നു?**

“മുഖം നോക്കുന്നില്ല” എന്ന പദം ഒരു എബ്രായ അലങ്കാരപ്രയോഗത്തിൽനിന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ളതാണ്. ഇത് അക്ഷരാർത്ഥത്തിൽ അർത്ഥമാക്കുന്നത് അവൻ “മുഖം ഉയർത്തുന്നില്ല” എന്നാണ്.

ന്യായാധിപൻ അഥവാ രാജാവ് വിചാരണ നേരിടുന്ന വ്യക്തിയുടെ മുഖം നോക്കിയിട്ട് ആ വ്യക്തിയുടെ അവസ്ഥയനുസരിച്ച് (പ്രധാനവ്യക്തിയാണോ അതോ അപ്രധാനിയാണോ) വിധി പ്രഖ്യാപിക്കുന്ന ഒരു നിയമപശ്ചാത്തലത്തിൽനിന്ന് ഇത് വന്നുയെന്ന് വിശ്വസിക്കപ്പെടുന്നു. എത്ര അധികാരവും ശക്തിയുള്ളവരായിരുന്നാലും ദൈവം ഈ രീതിയിൽ മനുഷ്യരെ കൈകാര്യം ചെയ്യുകയില്ല എന്നതാണ് ഇവിടെ ആവർത്തനത്തിൽ അർത്ഥമാക്കുന്നത്. അവസ്ഥ എന്തുതന്നെയായിരുന്നാലും എല്ലാവരെയും ന്യായമായി കരുതുന്നു. ഈ സത്യം യേശുവിന്റെ ജീവിതത്തിൽ, സമൂഹത്തിലെ ഏറ്റവും വെറുക്കപ്പെട്ടവരെപ്പോലും എങ്ങനെ കൈകാര്യം ചെയ്തു എന്നതിൽ വെളിപ്പെട്ടിരുന്നു.

**വായിക്കുക: അ.പ്ര. 10:34; റോമർ 2:11; ഗലാ. 2:6; എഫെ. 6:9; കൊലൊ. 3:25; 1 പത്രൊസ് 1:17. ഈ വാക്യങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്തുന്നു? ആവ. 10:17**

ഈ പരാമർശങ്ങളിലോരോന്നിന്റെയും സാഹചര്യങ്ങൾ എങ്ങനെ വ്യത്യസ്തമായിരുന്നാലും (എഫെസ്യർക്കെഴുതിയ ലേഖനത്തിൽ, അപ്പൊസ്തലനായ പൗലൊസ്, അടിമകളെ അവരുടെ യജമാനന്മാർ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിനെപ്പറ്റി ജാഗ്രതയുള്ളവരായിരിക്കുവാൻ ആവശ്യപ്പെടുന്നു; രക്ഷയുടെയും ശിക്ഷാവിധിയുടെയും കാര്യത്തിൽ വരുമ്പോൾ, യെഹൂദനെന്നോ യവനനെന്നോ ഒരു വ്യത്യാസവുമില്ല എന്ന വസ്തുതയെപ്പറ്റി റോമർക്കെഴുതിയ ലേഖനത്തിൽ താൻ സംസാരിക്കുന്നു). അവരെല്ലാവരും ആവർത്തനത്തിലേക്കും “ദൈവം മുഖം ഉയർത്തുന്നില്ല” എന്ന ആശയത്തിലേക്കും പോകുന്നു. “ദേവാധിദൈവവും കർത്താധികർത്താവുമായി വല്ലഭനും ഭയങ്കരനുമായ മഹാദൈവം” അങ്ങനെ ചെയ്യുകയില്ലെങ്കിൽ, തീർച്ചയായും നാമും അങ്ങനെ ചെയ്യുവാൻ പാടില്ല. പ്രത്യേകിച്ച് റോമർക്കെഴുതിയ ലേഖനത്തിൽ പൗലൊസ് എങ്ങനെ ഉപയോഗിക്കുന്നു എന്നതിൽ നമുക്ക് സുവിശേഷത്തിന്റെ ഒരു വെളിപ്പാടിനെ കാണുവാൻ കഴിയും: മനുഷ്യന്റെ അവസ്ഥയെ സംബന്ധിച്ച് നാമാരായിരുന്നാലും എല്ലാവരും ഒരേ വഞ്ചിയിലാണ്. ദൈവത്തിന്റെ രക്ഷണ്യകൃപ ആവശ്യമായിരിക്കുന്ന വീഴ്ച ഭവിച്ച മനുഷ്യരാണ് നാം. നമ്മുടെ അവസ്ഥ എന്തുതന്നെയായിരുന്നാലും കർത്താവായ യേശുക്രിസ്തുവിൽ നമുക്കെല്ലാവർക്കും രക്ഷ പ്രദാനം ചെയ്തിരിക്കുന്നു.

**എപ്പോഴെക്കെയാണ് നിഗൂഢമായിട്ടാണെങ്കിലും നിങ്ങൾ “മുഖം ഉയർത്തിപ്പിടിക്കുന്നത്” ആ മനോഭാവം യഥാർത്ഥത്തിൽ പാപകരമാണെന്ന് ക്രൂശ് എന്തുകൊണ്ടു നമ്മെ കാണിക്കുന്നു?**

## ഒരു മരത്തിന്മേൽ ശപിക്കപ്പെട്ടു

**ഗലാ. 3:1–14 വായിക്കുക. ഇവിടെ ഇന്ന് നമുക്ക് അനുയോജ്യമായ എന്താണ് പൗലൊസ് പറയുന്നത്, ഈ ഒരു വിഷയം അവതരിപ്പിക്കുന്നതിന് ആവ. 27:26; 21:22,23 എന്നീ വാക്യങ്ങളെ താൻ എങ്ങനെയാണ് ഉപയോഗിക്കുന്നത്?**

നിർഭാഗ്യവശാൽ, പത്തുകല്പനയായ ന്യായപ്രമാണം അനുസരിക്കാതിരിക്കുന്നതിന് ചില തരത്തിലുള്ള ന്യായീകരണം കണ്ടെത്തുവാൻ ഈ ലേഖനം ഉപയോഗിക്കുന്നത് ക്രിസ്ത്യാനിത്വത്തിൽ സർവ്വസാധാരണമായിരിക്കുന്നു. വാസ്തവത്തിൽ ഈ വാദഗതി നാലാം കല്പന അനുസരിക്കാതിരിക്കുവാനുള്ള ഒരു കാരണമായി ഉപയോഗിക്കുന്നുണ്ട്. ആ ഒരു കല്പന അനുസരിക്കുന്നു എന്നപോലെ, മറ്റു ഒൻപതിനു വിപരീതമായി, പൗലൊസ് ഇവിടെ കൈകാര്യം ചെയ്യുന്നത് നിയമസദ്ധാന്തത്തിന്റെ എങ്ങനെയോ ഉള്ള ഒരു പ്രകടനമാണ്. എന്നിരുന്നാലും പൗലൊസ് ന്യായപ്രമാണത്തിനെതിരേ സംസാരിക്കുകയായിരുന്നില്ല. ശബ്ബത്തുകല്പന ലംഘിക്കുന്നതിനെ ന്യായീകരിക്കുന്നതിന് ഈ ഭാഗത്ത് ഒന്നും കണ്ടെത്തുവാനില്ല. അതിന്റെ സ്വരം ഗലാത്യർക്കെഴുതിയ ലേഖനം 3:10 ൽ കാണപ്പെടുന്നു: “എന്നാൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻകീഴാകുന്നു” പിന്നീട് ആവ. 27:26 ഉദ്ധരിക്കുന്നു. ഇവിടെ വിഷയമെന്നത് കല്പനയോടുള്ള അനുസരണമല്ല. എന്നാൽ ന്യായപ്രമാണത്തിൽ ആശ്രയിക്കുന്നതാണ്” – കഠിനമായ ഒരു സ്ഥിതി, അല്ലെങ്കിൽ അസാദ്ധ്യമായ ഒന്ന്, നമ്മെപ്പോലെ വീഴ്ച ഭവിച്ചവർക്ക്.

നാം രക്ഷിക്കപ്പെടുന്നത് ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല. എന്നാൽ നമുക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ മരണത്തിലൂടെയാണ്. അത് വിശ്വാസത്താൽ നമ്മെ യോഗ്യതയുള്ളവരാക്കുന്നു. ഇതാണ് പൗലൊസിന്റെ വിഷയം. കാൽവറിക്കുരിശിൽ ക്രിസ്തു നമുക്കുവേണ്ടി ചെയ്തതിനെയാണ് താൻ ഊന്നിപ്പറയുന്നത്. ഈ വിഷയം അവതരിപ്പിക്കുന്നതിന് സഹായകമാകുവാൻ താൻ വീണ്ടും ആവർത്തനത്തിലേക്കു പോകുന്നു. ഇപ്രാവശ്യം ആവ. 21:23 പരാമർശിക്കുന്നു. “എഴുതിയിരിക്കുന്നു” എന്ന് യേശുവിനെപ്പോലെ പൗലൊസ് പറയുന്നത് പഴയനിയമത്തിന്റെ അധികാരത്തെ കാണിക്കുകയാണ്. അത്യന്തം ദോഷകാരിയായ ഒരു പാപം ചെയ്ത ഒരുവനെപ്പറ്റി പരാമർശിക്കുന്ന ഒരു വാക്യം ഉദ്ധരിക്കുന്നു. ഒരുപക്ഷേ മറ്റുള്ളവർക്ക് ഒരു പ്രതിരോധമെന്നവിധം അവനെ വധശിക്ഷയ്ക്കു വിധിക്കുകയും ഒരു മരത്തിൽ തൂക്കുകയും ചെയ്തു.

നമുക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ പകരമരണത്തിന്റെ ഒരു പ്രതീകമെന്നവിധം പൗലൊസ് ഉപയോഗിക്കുന്നുണ്ടെങ്കിലും: ക്രിസ്തു “നമുക്കുവേണ്ടി ഒരു ശാപമായിത്തീരുകയും” അതിൽ ന്യായപ്രമാണത്തിന്റെ ശാപം നേരിടുകയും ചെയ്തു. അതായത്, എല്ലാവരും ന്യായപ്രമാണം ലംഘിച്ചിരിക്കകൊണ്ട് മാനവകുലം മുഴുവൻ നേരിടേണ്ട മരണം. നമ്മുടേതായിത്തീരേണ്ട ശാപം ക്രൂശിൽ അവന്റേതായിത്തീർന്നു. “നാം ആത്മാവെന്ന വാഗ്ദത്ത വിഷയം വിശ്വാസത്താൽ പ്രാപിപ്പാൻതന്നെ” (ഗലാ. 3:14) എന്നതാണ് സുവിശേഷത്തിന്റെ സദ്വർത്തമാനം.

“ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നും മാനവകുലത്തെ വീണ്ടെടുത്ത് സ്വർഗ്ഗ

വുമായുള്ള ഐക്യതയിൽ കൊണ്ടുവരുന്നതിന് ക്രിസ്തുവിനു മാത്രമേ കഴിഞ്ഞുള്ളൂ. പിതാവും തന്റെ പുത്രനും തമ്മിൽ വേർപിരിവുണ്ടാക്കുന്നതും വിശുദ്ധനായ ഒരു ദൈവത്തിന് അത്ര അനിഷ്ടവുമായ പാപത്തിന്റെ പിഴയും നിന്ദയും ക്രിസ്തു തന്റെ മേൽ വഹിച്ചു." എലൻ വൈറ്റ് പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും പുറം. 63.

**നിങ്ങൾ ചെയ്തിട്ടുള്ള തെറ്റുകൾ എന്തുതന്നെയായാലും അതിന്റെ ശിക്ഷ സ്വീകരിക്കുന്ന അനുഭവത്തെ നിങ്ങൾ നേരിടുന്നതിനെപ്പറ്റി ചിന്തിക്കുക. നിങ്ങൾ വഹിക്കേണ്ടിവരാത്തവിധം, നിങ്ങളുടെ തെറ്റുകളുടെ ശിക്ഷ അവൻ തന്റെമേൽ ചുമന്നതുകൊണ്ട്, അവന്റെ ഈ ത്യാഗത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്തായിരിക്കണം?**

## നിന്നെപ്പോലൊരു പ്രവാചകൻ

ചുറ്റുപാടുമുള്ള രാഷ്ട്രങ്ങളുടെ ആചാരങ്ങൾ അനുകരിക്കരുതെന്ന് യിസ്രായേലിനു ദൈവം വീണ്ടും വീണ്ടും മുന്നറിയിപ്പു നല്കി. അതിനു വിപരീതമായി, ആ രാജ്യങ്ങൾക്ക് അവർ സാക്ഷ്യമായിരിക്കണമായിരുന്നു (ആവ. 4:6-8). "യഹോവയ്ക്കു അറെപ്പായിരുന്ന" അവരുടെ പ്രത്യേക ആചാരങ്ങൾക്കെതിരേ ആവ. 18:9-14 വരെയുള്ള വാക്യങ്ങളിൽ മോശെ വീണ്ടും മുന്നറിയിപ്പുകൊടുക്കുന്നു (ആവ. 18:12). ആ പശ്ചാത്തലത്തിൽ പിന്നീട് "നിന്റെ ദൈവമായ യഹോവയുടെ മുമ്പാകെ നീ നിഷ്ക്കളങ്കനായിരിക്കേണം" എന്ന് മോശെ അവരോടു പറയുന്നു (ആവ. 18:13).

**ആവ. 18:15-19 വരെ വായിക്കുക. ഇവിടെ മോശെ അവരോട് പറയുന്നത് എന്താണ്? പിന്നീട് ഇതിനെ അ.പ്ര. 3:22, 7:37 എന്നീ വാക്യങ്ങളുമായി താരതമ്യപ്പെടുത്തുക. പത്രൊസും സ്തെഫാനൊസും ആവ. 18:18 നെ എങ്ങനെ പ്രായോഗികമാക്കുന്നു?**

സീനായിയിലെ ഉടമ്പടിയെ പരാമർശിച്ചുകൊണ്ട്, ദൈവത്തിന്റെ കല്പന വെളിപ്പെടുത്തിയപ്പോൾ (പുറ. 20:18-21), ദൈവത്തിനും യിസ്രായേൽ മക്കൾക്കും മദ്ധ്യേ മോശെ ഒരു മദ്ധ്യസ്ഥനായി നിൽക്കണമെന്ന് അവർ എങ്ങനെ ആവശ്യപ്പെട്ടു എന്നതിനെപ്പറ്റി താൻ സംസാരിക്കുന്നു. മോശെയെപ്പോലുള്ള ഒരു പ്രവാചകനെ ദൈവം ഉയിർപ്പിക്കും എന്ന് മോശെ അവരോട് രണ്ടു പ്രാവശ്യം വാഗ്ദത്തം ചെയ്തത് അപ്പോഴാണ് (ആവ. 18:15,18). മോശെയെപ്പോലുള്ള ഈ പ്രവാചകൻ ജനവും ദൈവവും തമ്മിൽ ഒരു മദ്ധ്യസ്ഥനും ആയിരിക്കും.

അനേക നൂറ്റാണ്ടുകൾക്കുശേഷം പത്രൊസും സ്തെഫാനൊസും യേശുവിനെ പരാമർശിച്ചുകൊണ്ട് ഈ വാക്യം ഉദ്ധരിച്ചു. പത്രൊസിനെ സംബന്ധിച്ചിടത്തോളം "എല്ലാ വിശുദ്ധപ്രവാചകന്മാരും" സംസാരിച്ചിരുന്നതിന്റെ നിറവേറലായിരുന്നു യേശു. നേതാക്കൾ അവനെയും അവൻ പറയുന്നതിനെയും അനുസരിക്കണമായിരുന്നു (അ.പ്ര. 3:21). അതായത്, പത്രൊസ് ഈ വാക്യം ഉപയോഗിക്കുന്നു. യെഹൂദന്മാർ ഇതിനെപ്പറ്റി അറിഞ്ഞിരിക്കുകയും അവർ അവനോട് ചെയ്തതിന്റെ പേരിൽ അവർ മാനസാന്തരപ്പെടേണ്ട ആവശ്യമുണ്ട് എന്ന ആശയത്തോടുകൂടി യേശുവിനോട് നേരിട്ടു ബന്ധപ്പെടുത്തി (അ.പ്ര. 3:19).

അടുത്തതായി, അ.പ്ര. 7:37 ൽ പത്രൊസിന്റേതിനെക്കാളും വ്യത്യസ്തമായ ഒരു പശ്ചാത്തലത്തിലാണെങ്കിലും സ്തെഫാനൊസ് യേശുവിനെ പ്രസംഗിച്ചപ്പോൾ താനും കീർത്തികേട്ട വാഗ്ദത്തത്തെ ചൂണ്ടിക്കാണിക്കുകയും അത് യേശുവിനെ സൂചിപ്പിക്കുകയാണെന്ന് അവകാശപ്പെടുകയും ചെയ്തു. മോശെ ചരിത്രത്തിലെ തന്റെ പങ്കിലും യെഹൂദന്മാരെ നയിക്കുന്നതിലും യേശുവിനെ മുൻകൂട്ടി സൂചിപ്പിച്ചു. അതായത്, പത്രൊസ് ചെയ്തതുപോലെ, യേശു പ്രവചനത്തിന്റെ നിറവേറലും അവർ അവനെ അനുസരിക്കേണ്ടതുണ്ട് എന്നും സ്തെഫാനൊസ് ജനത്തെ കാണിക്കുവാൻ ശ്രമിക്കുകയായിരുന്നു. "ഇവൻ മോശെക്കും ദൈവത്തിനും വിരോധമായി ദൂഷണം പറയുന്നു" എന്ന് തനിക്കെതിരെയുണ്ടായ ആരോപണങ്ങൾക്കു വിപരീതമായി (അ.പ്ര. 6:11) യേശു മശീഹയാണെന്ന് സ്തെഫാനൊസ് പ്രസംഗിച്ചത് ദൈവം

മോശെയിലൂടെ വാഗ്ദത്തം ചെയ്തതിന്റെ പ്രത്യക്ഷമായ ഒരു നിറവേറലായിരുന്നു.

**ബൈബിളിലുടനീളം യേശു എത്ര മുഖ്യമായിരുന്നെന്നും നമ്മുടെ എല്ലാ അറിവുകളും ക്രിസ്തുവിൽ കേന്ദ്രീകരിച്ചതായിരിക്കണമെന്നതും എന്തുകൊണ്ടാണെന്ന് ഈ വാക്യങ്ങൾ എങ്ങനെയാണ് കാണിക്കുന്നത്?**

## ഭയപ്പെടുത്തുന്ന ഒരു കാര്യം

എബ്രായപുസ്തകം അതിന്റെ എല്ലാ ആഴത്തിലും ഉത്തുംഗതയിലും പല വഴികളിലും യേശുവിൽ യെഹൂദാവിശ്വാസികൾക്കുള്ള കേവലമൊരു നീണ്ട ഉപദേശമായിരുന്നു. അവർ ചെയ്യുവാൻ തക്കവണ്ണം അവരെ ഉപദേശിച്ചിരുന്നത്: ദൈവത്തോട് വിശ്വസ്തരായി നിലകൊള്ളുക എന്നതാണ്.

ഈ വിശ്വസ്തത തീർച്ചയായും ഉണ്ടാകേണ്ടത്, ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിൽനിന്നും അവൻ ആരായിരുന്നു എന്നതിൽനിന്നും ഏറ്റവും ശക്തമാം വിധം ക്രിസ്തുവിന്റെ ക്രൂശിൽ പ്രകടമായ അവന്റെ സ്വഭാവം, നന്മ എന്നിവ കാരണവുമാണ്. വീണുപോകുന്നതിന്റെ ഭയാനകമായ അനന്തരഫലത്തെ സംബന്ധിച്ച് ചിലപ്പോഴൊക്കെ മനുഷ്യരെ ഓർമ്മപ്പെടുത്തേണ്ടതുണ്ട്. അതായത്, നമ്മുടെ പാപങ്ങളുടെ പിഴ കൊടുക്കുന്നതിന് യേശു നമുക്കുവേണ്ടി ചെയ്തത് നാം അംഗീകരിക്കുന്നില്ലെങ്കിൽ, അതിന്റെ പിഴ അന്ത്യത്തിൽ നാംതന്നെ കൊടുക്കേണ്ടിവരും. അതിന്റെ അർത്ഥം "കരച്ചിലും പല്ലുകടിയും", അതിനെ തുടർന്ന് നിത്യനാശവും ആയിരിക്കും എന്നത് നാം ഓർത്തിരിക്കേണ്ടതുണ്ട് (മത്തായി 22:13).

**എബ്രാ. 10:28-31 വായിക്കുക. പൗലൊസ് പറയുന്നതെന്താണ്, അത് നമ്മെ എങ്ങനെ ബാധിക്കുന്നു?**

ദൈവത്തോട് വിശ്വസ്തരായിരിക്കേണ്ടതിന് യെഹൂദാ വിശ്വാസികളെ ഉപദേശിക്കുന്നതിനുവേണ്ടി അവനോട് വിശ്വസ്തരായിരിക്കുവാൻ യെഹൂദാവിശ്വാസികൾക്കു മുമ്പുകൊടുത്ത ഒരു ഉപദേശം ആവർത്തനത്തിൽനിന്നും പൗലൊസ് ഉദ്ധരിക്കുന്നു എന്നത് എത്ര താല്പര്യകരമാണ്! ഒരുവൻ മരണയോഗ്യനായിത്തീരുമ്പോൾ അയാൾ ആ മരണശിക്ഷ നേരിടുന്നത് ആ വ്യക്തിക്കെതിരേ കുറഞ്ഞത് രണ്ടോ മൂന്നോ പേർ സാക്ഷികളാകുമ്പോൾ മാത്രമാണ് എന്ന വസ്തുത ആവ. 17:6 ൽനിന്നും പൗലൊസ് ഉദ്ധരിക്കുന്നു. പഴയനിയമത്തിൻകീഴിൽ മരണത്തിലേക്കു നയിക്കുവാൻ അവിശ്വസ്തതയ്ക്കു കഴിഞ്ഞെങ്കിൽ, "ദൈവപുത്രനെ ചവിട്ടിക്കളകയും... പാത്രമാകും എന്ന് വിചാരിപ്പിൻ" എന്ന സൂചന ഉണ്ടാക്കുന്നതിനാണ് പൗലൊസ് ഇത് ചെയ്തത് (എബ്രാ. 10:29). മറ്റൊരുവിധത്തിൽ പറഞ്ഞാൽ, അവർക്കുണ്ടായിരുന്നതിനെക്കാളും കൂടുതൽ സത്യവും വെളിച്ചവും നിങ്ങൾക്കുണ്ട്. നിങ്ങളുടെ പാപങ്ങൾക്കുവേണ്ടിയുള്ള ദൈവപുത്രന്റെ യാഗത്തെക്കുറിച്ച് നിങ്ങൾക്ക് അറിയാം. അങ്ങനെ, നിങ്ങൾ വീണുപോകുകയാണെങ്കിൽ, നിങ്ങളുടെമേലുള്ള ശിക്ഷാവിധി അവരുടേതിനെക്കാളും വലുതായിരിക്കും.

പിന്നീട് പൗലൊസ് പെട്ടെന്ന് ആവർത്തനത്തിലേക്കു തിരിച്ചുപോകുന്നു. ഇപ്പോൾ തന്റെ ന്യായവാദത്തിന് ഒരു താങ്ങെന്നവിധം ആവ. 32:35 ലേക്കു പോകുന്നു. ക്രിസ്തുവിലൂടെ അവർക്കു കൊടുത്തതും അവർക്കുവേണ്ടി ഉണ്ടാക്കിയ മഹാമാർഗ്ഗത്തെ സംബന്ധിച്ച അവരുടെ പരിജ്ഞാനത്തെയുംകുറിച്ച് ദൈവം ഇങ്ങനെ പറയുന്നു: "പ്രതികാരം എനിക്കുള്ളത്" തന്റെ ജനത്തിന്റെ വിശ്വാസത്യാഗത്തിനും അവിശ്വസ്തതയ്ക്കും അവൻ "തന്റെ ജനത്തെ ന്യായം വിധിക്കും." എന്നിരിക്കിലും ഈ പുതിയനിയമ യെഹൂദന്മാർക്കുണ്ടായിരുന്ന കാൽവറിക്കുരിശിൽ വെളിപ്പെടുത്തപ്പെട്ട

ദൈവസ്നേഹത്തിന്റെ പൂർണ്ണ വെളിപ്പാട് ഇല്ലാതിരുന്ന അവരുടെ പൂർവ്വപിതാക്കന്മാരെ അവൻ ന്യായം വിധിച്ചു. അങ്ങനെ, മുന്നറിയിപ്പുള്ളവരായിരിക്കുക എന്ന് അടിസ്ഥാനപരമായി പൗലൊസ് പറയുന്നു.

**"യഹോവ തന്റെ ജനത്തെ ന്യായം വിധിക്കും" (ആവ. 32:36). ആ ന്യായവിധിയിൽ നമ്മുടെ ഏക പ്രത്യാശ എന്താണ്? (റോമർ 8:1 കാണുക).**

## കൂടുതൽ പഠനത്തിന്:

പഴയനിയമംതന്നെ ഉദ്ധരിക്കുന്നതുപോലെ (അതായത് ചില പ്രവാചകന്മാർ ഉദ്ധരിക്കുകയോ പരാമർശിക്കുകയോ ചെയ്തത്, ഉദാഹരണമായി മോശെയുടെ അഞ്ച് പുസ്തകങ്ങളിൽ നിന്നുള്ള വാക്യങ്ങൾ) പഴയനിയമത്തിൽനിന്ന് നേരിട്ടുള്ള ഉദ്ധരണികളും പരാമർശങ്ങളും സൂചനകളുംകൊണ്ട് പുതിയനിയമം നിറഞ്ഞിരിക്കുന്നു. അവയിൽ, ഉദ്ധരണികൾ കൂടുതലും സങ്കീർത്തനം, യെശയ്യാവ്, ആവർത്തനം എന്നീ പുസ്തകങ്ങളിൽ നിന്നുമാണ്. പലപ്പോഴും പുതിയനിയമ എഴുത്തുകാർ, ചിലപ്പോൾ ഗ്രീക്ക് പഴയനിയമം എന്നറിയപ്പെടുന്നതും എബ്രായ ബൈബിളിന്റെ ഗ്രീക്കു പരിഭാഷ എന്ന് നേരത്തെ അറിയപ്പെട്ടിരുന്നതുമായ സെപ്ചാജിന്റ് (Septuagint) (LXX) ബൈബിളിൽനിന്നുമാണ് ഉദ്ധരിച്ചിരുന്നത്. തോറാ അഥവാ മോശെയുടെ അഞ്ച് ഗ്രന്ഥങ്ങൾ എന്ന് അറിയപ്പെടുന്നവ പരിഭാഷപ്പെടുത്തിയത് ബി.സി. മൂന്നാം നൂറ്റാണ്ടിലും പഴയനിയമത്തിന്റെ ബാക്കിഭാഗം ബി.സി. രണ്ടാം നൂറ്റാണ്ടിലുമാണ്.

എങ്ങനെ ബൈബിൾ വ്യാഖ്യാനിക്കണമെന്നതിനെപ്പറ്റി, ആത്മപ്രചോദിതരായ പുതിയനിയമ എഴുത്തുകാർ പഴയത് എങ്ങനെ ഉപയോഗിച്ചു എന്നതിൽനിന്നും ഒരുവന് ധാരാളം പഠിക്കുവാൻ കഴിയും. നമുക്കു പഠിക്കുവാൻ കഴിയുന്ന അഞ്ച് പാഠങ്ങളിൽ ഒരെണ്ണം, ഇന്നുള്ള ബൈബിൾപാണ്ഡിത്യത്തിൽനിന്നും വളരെയേറെ വ്യത്യസ്തമായി, പഴയനിയമ പുസ്തകങ്ങളുടെ പ്രാമാണ്യത്തെയോ ആധികാരികതയെയോ സംബന്ധിച്ച് പുതിയനിയമ എഴുത്തുകാർ ഒരു ചോദ്യവും ഒരിക്കലും ഉയർത്തിയിട്ടില്ല എന്നുള്ളതാണ്. അവരുടെ എഴുത്തുകളിൽ, ഉദാഹരണമായി, ആദാമിന്റെയും ഹവ്വയുടെയും അസ്തിത്വത്തിൽ തുടങ്ങി, വീഴ്ച, ജലപ്രളയം, അബ്രാമിന്റെ വിളി എന്നിങ്ങനെയുള്ള പഴയനിയമ കഥകളുടെ ചരിത്രസ്വഭാവത്തെപ്പറ്റി ഒന്നുംതന്നെ വെളിപ്പെടുത്തിയിട്ടില്ല. ഈവക കാര്യങ്ങളെ ചോദ്യം ചെയ്യുന്ന മനുഷ്യന്റെ "പാണ്ഡിത്യം" വെറും അനിശ്ചിതത്വവും സെവൻത് ഡേ അഡ്വന്റിസ്റ്റുകാരുടെ ഹൃദയത്തിലും മനസ്സിലും ഇതിന് ഒരു സ്ഥാനവും ഉണ്ടായിരിക്കുവാൻ പാടില്ലാത്തതുമാണ്.

## ചർച്ചാചോദ്യങ്ങൾ

1. സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരെന്നനിലയിൽ, നമുക്കു നല്കപ്പെട്ടിരിക്കുന്ന സകല വെളിച്ചത്തെയും പരിഗണിച്ചാൽ, നമുക്കു നല്കപ്പെട്ടിരിക്കുന്ന സത്യത്തോട് വിശ്വസ്തരായിരിക്കേണ്ട വലിയ ഉത്തരവാദിത്വത്തെപ്പറ്റി ഇതു നമ്മെ എന്തു പഠിപ്പിക്കണം?

2. ആവ. 18:9–14 വരെ വായിക്കുക: "ദൈവത്തോടുള്ള ഈ മ്ലേച്ഛതകളുടെ" എന്ത് ആധുനിക പ്രകടനങ്ങൾ ഇന്ന് നിലവിലുണ്ട്. നാം അവയെ ഒഴിവാക്കുന്നു എന്ന് എങ്ങനെ ഉറപ്പാക്കാം?

3. എല്ലാ മനുഷ്യരിലുംവെച്ച് ക്രിസ്തുവിന്റെ കാൽവറിയിലെ മരണത്തിന്റെ സാർവ്വലൗകികമായ പ്രയോജനം മനസ്സിലാക്കുന്ന ക്രിസ്ത്യാനികൾ ഒരിക്കലും "മുഖം നോക്കുവാൻ" പാടില്ലാത്തത് എന്തുകൊണ്ടാണ്? (തിങ്കളാഴ്ചത്തെ പാഠഭാഗം നോക്കുക). അതുതന്നെ ചെയ്യുന്നതിനുള്ള നമ്മുടെ പ്രവണത നമുക്കെങ്ങനെ തിരിച്ചറിയുവാൻ കഴിയും? (അതുതന്നെ ചെയ്യുന്നതിന് നമ്മിലുള്ള, കുറഞ്ഞത് ചില പ്രവണതയെങ്കിലും നമ്മിലുണ്ടെന്നുള്ളത് നാം നിരാകരിക്കുകയാണെങ്കിൽ നാം നമ്മെത്തന്നെ കബളിപ്പിക്കുകയല്ലയോ ചെയ്യുന്നത്?). ക്രൂശും നമുക്കുമുമ്പിൽ ക്രൂശുണ്ടായിരിക്കുന്നതും ഈ തെറ്റായ മനോഭാവത്തിൽനിന്നും നമ്മെ എങ്ങനെ ഭേദമാക്കും?